**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2297** **13-09-2023 - ൽ മറുപടിയ്ക്ക്**

**ശ്രവണസഹായി ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോക്ലിയർ ഇംപ്ലാന്റേഷനുള്ള ഉപകരണങ്ങൾ വിതരണം ചെയ്ത കമ്പനി പ്രവർത്തനം നിർത്തിയത് കാരണം പ്രസ്തുത ശ്രവണസഹായി ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കാൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ കാലയളവിൽ നടത്തിയ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയകൾക്ക് തുടർച്ചയായി നൽകേണ്ടതായ പ്രസ്തുത സേവനങ്ങൾ തുടർന്നും നൽകുന്നതിനായി കെഎംഎസ്സിഎൽ മുഖാന്തിരം ബന്ധപ്പെട്ട കമ്പനികളുമായുള്ള ചർച്ചകൾ നടത്തി വരുന്നു . കെഎംഎസ്സിഎൽ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക്, വിഷയത്തിൽ ഉടൻ പരിഹാരം ഉണ്ടാകുന്നതാണ്.<br><br>പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കെഎംഎസ്സിഎൽ തയ്യാറാക്കിയിട്ടുള്ള ടെൻഡർ ഡോക്യുമെന്റിലെ നിർവ്വചന പ്രകാരം അനുബന്ധ ഉപകരണങ്ങൾ, സേവനങ്ങൾ, കേടുപാടുകൾ പരിഹരിക്കൽ മുതലായവ സംഭരണ തീയതി മുതൽ കുറഞ്ഞത് 10 വർഷമെങ്കിലും ഗുണഭോക്താക്കൾക്ക് ലഭ്യമായിരിക്കണം. സംഭരണ തീയതി മുതൽ 5 വർഷത്തിനുള്ളിൽ ഉൽപ്പന്നത്തിന്റെ ഭാഗങ്ങളും സേവനങ്ങളും കമ്പനി നിർത്തലാക്കുകയാണെങ്കിൽ, പ്രോസസറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും സൗജന്യ അപ്ഗ്രേഡേഷൻ കമ്പനിയുടെ ബാധ്യതയായിരിക്കും. |
| (ബി) | പ്രസ്തുത ഉപകരണങ്ങൾ പുതുക്കണമെന്ന് കമ്പനി അധികൃതർ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത ഉപകരണങ്ങൾ അറ്റകുറ്റപ്പണി ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ അവയ്ക്ക് പകരം പുതിയവ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) | ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ